**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2475** **07-07-2022 - ൽ മറുപടിയ്ക്ക്**

**സംസ്ഥാനത്തെ വ്യവസായ ഇടനാഴികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. ജെ. മാക്സി | | ശ്രീ. പി. രാജീവ്<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് നിലവിലുള്ള വ്യവസായ ഇടനാഴികൾ ഏതെല്ലാം; ഇതിൽ കഴിഞ്ഞ സർക്കാർ കാലയളവിൽ ആരംഭിച്ചവ ഏതെല്ലാം; | (എ) | സംസ്ഥാനത്ത് നിലവിൽ നടപടികൾ പുരോഗമിക്കുന്നത് കഴിഞ്ഞ സർക്കാരിന്റെ കാലത്ത് തുടക്കമിട്ട കൊച്ചി-ബാംഗ്ലൂർ വ്യവസായ ഇടനാഴി എന്ന പദ്ധതിയ്ക്കുവേണ്ടിയാണ്. |
| (ബി) | ഈ സർക്കാർ നടപ്പാക്കാനുദ്ദേശിയ്ക്കുന്ന പുതിയ വ്യവസായ ഇടനാഴികൾ ഏതെല്ലാമെന്ന് വ്യക്തമാക്കുമോ; | (ബി) | മലബാർ മേഖലയുടെ വ്യവസായ വികസനം ലക്ഷ്യമിട്ടുകൊണ്ട് കൊച്ചി മാംഗ്ലൂർ വ്യവസായ ഇടനാഴി ആരംഭിക്കുന്നതിന് കേന്ദ്ര സർക്കാരിന്റെ അംഗീകാരം ലഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.<br><br>കൊച്ചി-ബാംഗ്ലൂർ വ്യവസായ ഇടനാഴി പദ്ധതി 5 വർഷം കൊണ്ട് പൂർണ്ണതോതിൽ പ്രവർത്തന സജ്ജമാകുന്ന രീതിയിലാണ് വിഭാവനം ചെയ്തിട്ടുള്ളത്. കേന്ദ്ര സർക്കാരിന്റെയും സംസ്ഥാന സർക്കാരിന്റെയും സംയുക്ത സംരംഭമായ കൊച്ചി-ബാംഗ്ലൂർ വ്യവസായ ഇടനാഴിയിൽ സംയോജിത ഉൽപ്പാദന ക്ലസ്റ്ററുകൾ സ്ഥാപിക്കുക എന്നതാണ് വിഭാവനം ചെയ്തിട്ടുള്ളത്. പാലക്കാട് ക്ലസ്റ്ററിൽ അടിസ്ഥാന സൗകര്യം വികസിപ്പിച്ച് വിവിധയിനം വ്യവസായങ്ങളുടെ ക്ലസ്റ്ററുകൾ പ്രവർത്തിക്കുന്നതിനുള്ള സംവിധാനം സജ്ജമാക്കും. പ്രസ്തുത പദ്ധതി നടപ്പിലാക്കി കഴിയുമ്പോൾ പ്രത്യക്ഷത്തിൽ ഏകദേശം 22,000 തൊഴിലവസരങ്ങളും പരോക്ഷമായി 80,000 തൊഴിലവസരങ്ങളും സൃഷ്ടിക്കപ്പെടുമെന്നാണ് കരുതുന്നത്. |
| (സി) | ഇതിലൂടെ കഴിഞ്ഞ സർക്കാർ എത്രപേർക്ക് തൊഴിലവസരങ്ങൾ ലഭ്യമാക്കി; തൊഴിലവസരം ഉറപ്പാക്കുന്നതിന് സർക്കാർ സ്വീകരിക്കാനുദ്ദേശിക്കുന്ന പ്രധാന പ്രവർത്തനങ്ങൾ വിശദമാക്കുമോ? | (സി) | മലബാർ മേഖലയുടെ വ്യവസായ വികസനം ലക്ഷ്യമിട്ടുകൊണ്ട് കൊച്ചി മാംഗ്ലൂർ വ്യവസായ ഇടനാഴി ആരംഭിക്കുന്നതിന് കേന്ദ്ര സർക്കാരിന്റെ അംഗീകാരം ലഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |

| | | | |
|---|---|---|---|
| | | | കൊച്ചി-ബാംഗ്ലൂർ വ്യവസായ ഇടനാഴി പദ്ധതി 5 വർഷം കൊണ്ട് പൂർണ്ണതോതിൽ പ്രവർത്തന സജ്ജമാകുന്ന രീതിയിലാണ് വിഭാവനം ചെയ്തിട്ടുള്ളത്. കേന്ദ്ര സർക്കാരിന്റെയും സംസ്ഥാന സർക്കാരിന്റെയും സംയുക്ത സംരംഭമായ കൊച്ചി-ബാംഗ്ലൂർ വ്യവസായ ഇടനാഴിയിൽ സംയോജിത ഉൽപ്പാദന ക്ലസ്റ്ററുകൾ സ്ഥാപിക്കുക എന്നതാണ് വിഭാവനം ചെയ്തിട്ടുള്ളത്. പാലക്കാട് ക്ലസ്റ്ററിൽ അടിസ്ഥാന സൗകര്യം വികസിപ്പിച്ച് വിവിധയിനം വ്യവസായങ്ങളുടെ ക്ലസ്റ്ററുകൾ പ്രവർത്തിക്കുന്നതിനുള്ള സംവിധാനം സജ്ജമാക്കും. പ്രസ്തുത പദ്ധതി നടപ്പിലാക്കി കഴിയുമ്പോൾ പ്രത്യക്ഷത്തിൽ ഏകദേശം 22,000 തൊഴിലവസരങ്ങളും പരോക്ഷമായി 80,000 തൊഴിലവസരങ്ങളും സൃഷ്ടിക്കപ്പെടുമെന്നാണ് കരുതുന്നത്. |

സെക്ഷൻ ഓഫീസർ